"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം- 14

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം**
**(ഹാജർ: എസ്.വാഹിദ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - ഹെഡ് ക്ലാർക്ക് തസ്തികയിലെ സ്ഥലം മാറ്റവും സ്ഥാനക്കയറ്റവും - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- ഉത്തരവ് നമ്പർ എ3/13106/12 തീയതി:21.01.13.

**ഉത്തരവ് നമ്പർ: എ3/15953/12 തീയതി:23.01.2013**

പരാമർശ ഉത്തരവ് പ്രകാരം ഹെഡ് ക്ലാർക്ക് തസ്തികയിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകിയതുവഴി വ്യാവസായിക പരിശീലന വകുപ്പിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ 8 ഒഴിവുണ്ടായിട്ടുണ്ട്. ഒഴിവുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഒഴിവുള്ള സ്ഥാപനം | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1. | ഐ.ടി.ഐ. കോഴിക്കോട് (വ) | 1 |
| 2. | ഐ.ടി.ഐ. ഏറ്റുമാനൂർ | 1 |
| 3. | ആർ.ഐ.സി. കൊല്ലം | 1 |
| 4. | ആർ.ഐ.സി. കളമശ്ശേരി | 1 |
| 5. | ഐ.ടി.ഐ. (വ) കഴക്കൂട്ടം | 1 |
| 6. | ഐ.ടി.ഐ.ചെങ്ങന്നൂർ | 1 |
| 7. | ഐ.ടി.ഐ. ആറ്റിങ്ങൽ | 1 |
| 8. | ആർ.ഐ.സി. ചാക്ക | 1 |
| ആകെ | | 8 |

മേൽ ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് മുമ്പ് ജി.ഒ. (പി) നം.12/04/പി.&എ.ആർ.ഡി. തീയതി 10.09.2004 പ്രകാരം സ്ഥലം മാറ്റം നൽകേതുണ്ട്. സ്ഥലംമാറ്റം ആവശ്യപ്പെട്ടിരിയ്ക്കുന്ന ജീവനക്കാരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റം ആവശ്യപ്പെടുന്ന സ്ഥാപനങ്ങൾ |
|---|---|---|---|
| 1. | ശശികുമാർ .വി. | ഐ.ടി.ഐ. കൊല്ലം | (വ) കഴക്കൂട്ടം/ആർ. ഐ.സി. ചാക്ക |
| 2. | ഫ്രാൻസിസ് ഡിക്രൂസ് | ഐ.ടി.ഐ. പളളിക്കത്തോട് | കൊല്ലം(വ)/ ആർ.ഐ.സി.കൊല്ലം |
| 3. | ഗോപികാ കുമാരി കെ.വി. | ഐ.ടി.ഐ. ചെന്നീർക്കര | (വ) കഴക്കൂട്ടം/ ആർ.ഐ.സി.ചാക്ക/ ഐ.ടി.ഐ. ആറ്റിങ്ങൽ/ ആർ.ഐ.സി. കൊല്ലം |
| 4. | ജെ.ബി.അജിത്ത്കുമാർ | ഐ.ടി.ഐ. കട്ടപ്പന | ആർ.ഐ.സി. കൊല്ലം/ ആർ.ഐ.സി. ചാക്ക/ ഐ.ടി.ഐ. (വ) കഴക്കൂട്ടം |

ഈ സാഹചര്യത്തിൽ യു.ഡി. ക്ലാർക്കുമാരുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുളള സ്ഥാനക്കയറ്റത്തിന് അർഹരായ ക്രമ നമ്പർ 188, 189, 190, 191, 192 193, 195,196 ആയ യു.ഡി. ക്ലാർക്ക് മാരെ കെ.എസ്.& എസ്.എസ്.ആർ.-ലെ പൊതുചട്ടം 28(ബി)(II) പ്രകാരം 14,620-25,280 രൂപാ ശമ്പള സ്കെയിലിൽ ഹെഡ്ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുകയും, സ്ഥലംമാറ്റത്തിന് അപേക്ഷിച്ച ഉദ്യോഗസ്ഥരുടെ അപേക്ഷ പരിഗണിച്ചും താഴെപ്പറയും പ്രകാരം നിയമിച്ച് ഉത്തരവാകുകയും ചെയ്യുന്നു.

| ക്രമ നമ്പർ | പേര് തസ്തിക | ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥാനക്കയറ്റം/സ്ഥലം മാറ്റം നൽകി നിയമിക്കുന്ന സ്ഥാപനം | റിമാർക്ക് |
|---|---|---|---|---|
| 1. | ശശികുമാർ.വി, (എച്ച്.സി.) | ഐ.ടി.ഐ. കൊല്ലം | ആർ.ഐ.സി. ചാക്ക (സ്ഥലംമാറ്റം) | അപേക്ഷ |
| 2. | ഫ്രാൻസിസ് ഡിക്രൂസ് (എച്ച്.സി) | ഐ.ടി.ഐ. പള്ളിക്കത്തോട് | ആർ.ഐ.സി.കൊല്ലം (സ്ഥലം മാറ്റം) | അപേക്ഷ |
| 3. | ഗോപികാ കുമാരി .കെ.വി (എച്ച്.സി.) | ഐ.ടി.ഐ. ചെന്നീർക്കര | ഐ.ടി.ഐ. ആറ്റിങ്ങൽ (സ്ഥലം മാറ്റം) | അപേക്ഷ |
| 4. | ജെ.ബി.അജിത്ത്കുമാർ (എച്ച്.സി.) | ഐ.ടി.ഐ. കട്ടപ്പന | ഐ.ടി.ഐ. കൊല്ലം (സ്ഥലം മാറ്റം) | അപേക്ഷ |
| 5. | ബീന ഐസക്ക് (യു.ഡി.സി) | ഐ.ടി.ഐ. കളമശ്ശേരി | ഐ.ടി.ഐ. ഏറ്റുമാനൂർ (സ്ഥാനക്കയറ്റം) | ഒഴിവ് |
| 6. | എ.ആർ.രാജരാജേശ്വരി (യു.ഡി.സി) | ട്രെയിനിംഗ് ഡയറക്ടറേറ്റ് | ഐ.ടി.ഐ. ചെങ്ങന്നൂർ (സ്ഥാനക്കയറ്റം) | ഒഴിവ് |
| 7. | ഷംസുദ്ദീൻ തോട്ടോൻ (യു.ഡി.സി) | ആർ.ഡി.റ്റി. കണ്ണൂർ | ഐ.ടി.ഐ.(വ) കോഴിക്കോട് (സ്ഥാനക്കയറ്റം) | ഒഴിവ് |
| 8. | പ്രമോദൻ എം.കെ. (യു.ഡി.സി.) | ആർ.ഡി.റ്റി. കണ്ണൂർ | ആർ.ഐ.സി. കളമശ്ശേരി (സ്ഥാനക്കയറ്റം) | ഒഴിവ് |
| 9. | കെ.ഷിബു (യു.ഡി.സി.) | ഐ.ടി.ഐ. ചാക്ക | ഐ.ടി.ഐ. ചെന്നീർക്കര (സ്ഥാനക്കയറ്റം) | ഒഴിവ് |
| 10. | എസ്.ഷൈല (യു.ഡി.സി.) | ഐ.ടി.ഐ. (വ) കൊല്ലം | ഐ.ടി.ഐ. പള്ളിക്കത്തോട് (സ്ഥാനക്കയറ്റം) | ഒഴിവ് |
| 11. | സി.എസ്.ഗിരീഷ് (യു.ഡി.സി.) | ഐ.ടി.ഐ വാണിയംകുളം | ഐ.ടി.ഐ. കട്ടപ്പന (സ്ഥാനക്കയറ്റം) | ഒഴിവ് |
| 12. | എസ്.രാജശേഖരൻ (യു.ഡി.സി) | ട്രെയിനിംഗ് ഡയറക്ടറേറ്റ് | ഐ.ടി.ഐ. കഴക്കൂട്ടം (സ്ഥാനക്കയറ്റം) | ഒഴിവ് |

യു.ഡി. ക്ലാർക്കുമാരുടെ ഗ്രഡേഷൻ ലിസ്റ്റിലെ ക്രമ നമ്പർ 194-ലെ ശ്രീ. എം.സി.ബെർലി ശൂന്യവേതനാവധിയിൽ ആയതിനാൽ സ്ഥാനക്കയറ്റത്തിന് പരിഗണിച്ചിട്ടില്ല.

ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ടി തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ടു

വർഷത്തിനുള്ളിൽ ഒരു വർഷം സേവനം ചെയ്ത് പ്രൊബേഷൻ പൂർത്തിയാക്കേ താണ്.

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് യാത്രാപ്പടി, പ്രവേശനകാലം എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കും. അപേക്ഷ പ്രകാരം സ്ഥലംമാറ്റപ്പെട്ട ഉദ്യോഗസ്ഥർക്ക് 03.11.99 ലെ ജി.ഒ.പി.നം.480/89/ഫിൻ പ്രകാരം ഇപ്പോൾ സേവനം ചെയ്യുന്ന സ്ഥാപനത്തിൽ ഒരു വർഷം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ യാത്രാപ്പടിയ്ക്ക് അർഹതയുണ്ടായിരിക്കും, എന്നാൽ പ്രവേശന കാലത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

ഉദ്യോഗക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ 26.02.2011 ലെ ജി.ഒ.(പി) നം 85/2011/ഫിൻ പ്രകാരമുള്ള ഓപ്ഷൻ സേവനത്തിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ നൽകിയിരിക്കേണ്ടതാണ്.

സ്ഥലംമാറ്റവും, സ്ഥാനക്കയറ്റവും ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്/-
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ് :-1. ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്
2. സി.എ. ടു ഡി.റ്റി.

// ഉത്തരവിൻ പ്രകാരം //

ജൂനിയർ സൂപ്രണ്ട്.

J/23/01/2013